"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം - അധിക നിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.18/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. 18.04.2022 തീയതിയിലെ സ.ഉ (പി) നം. 5/2022/പൊ.വി.വ സർക്കാർ ഉത്തരവ്.
2. 24.05.2025 തീയതിയിലെ സ.ഉ (കൈ) നം. 92/2025/പൊ.വി.വ സർക്കാർ ഉത്തരവ്.
3. 18.08.2025 തീയതിയിലെ സ.ഉ (കൈ) നം. 141/2025/പൊ.വി.വ സർക്കാർ ഉത്തരവ്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.10.2025 ലെ ഡി.ജി.ഇ/17464/2025/എച്ച്.2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം നടത്തുവാൻ പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2025-2026 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ, ഈ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) പുനർ നിർണ്ണയിച്ചു ഉത്തരവ് നൽകുവാനും പരാമർശം (3) പ്രകാരം നിർദേശം നൽകിയിരുന്നു.

2. കെ.ഇ.ആർ അദ്ധ്യായം XXIII, ചട്ടം 12 ൽ വരുത്തിയ ഭേദഗതി പ്രകാരം (SRO 375/2022) ഓരോ അധ്യയന വർഷവും ആറാം പ്രവൃത്തി ദിനത്തിൽ പ്രവേശനം നേടുന്ന യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണയത്തിന് പരിഗണിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ കുട്ടികൾക്ക് യു.ഐ.ഡി നമ്പർ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാൽ,

വാലിഡ് യു.ഐ.ഡി 'സമ്പൂർണ' മുഖേന സമർപ്പിക്കുന്നതിന് ഇളവ് നൽകണമെന്ന് വിവിധ തലങ്ങളിൽ നിന്നും ആവശ്യമുയർന്നിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 അധ്യയന വർഷത്തിൽ യു.ഐ.ഡി. ക്ക് അപേക്ഷിച്ചിട്ടും, ചില സാങ്കേതിക തടസ്സങ്ങളാൽ യു.ഐ.ഡി. ലഭിക്കുന്നതിന് പൊതുവായ കാലതാമസം നേരിട്ടിട്ടുള്ള സാഹചര്യം കണക്കിലെടുത്ത്, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്കു അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും ഇ.ഐ.ഡി.((Enrollment Identification Number) നമ്പർ മാത്രം ലഭ്യമായിട്ടുള്ളതും , 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി, KER Chapter XXIII ചട്ടം 12-ലെ വ്യവസ്ഥകൾ ക്ക് ഇളവ് നൽകി, തസ്തിക പുനർനിർണയം നടത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ നിർദ്ദേശം അടിയന്തരമായി നടപ്പാക്കുന്നതിനും അധിക തസ്തികകൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കുന്നതിനുമുള്ള സത്വര നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ധനകാര് യവകുപ്പ്(2.2.2026-ലെ **E.3308835/EDN-A3/358/2025-FIN** പ്രകാരം)
നിയമ വകുപ്പ് (17/01/2026 ലെ നം. OPN-F1/4/2026-LAW പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Harikumar

സെക്ഷൻ ഓഫീസർ